Scanned On 14/12/23 By.................. Total Page......



P 15214
DIRECTORATE OF TREASURIES
13 DEC 2023
THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

കേരള ട്രഷറി കോഡ് – PTSB അക്കൗണ്ടുകൾ പ്രവർത്തനരഹിതമായതായി പരിഗണിക്കുന്നത്- കേരള ട്രഷറി കോഡ് വാല്യം II അപ്പെൻഡിക്സ് 3-ലെ ഖണ്ഡിക 40-ന് കീഴിൽ കുറിപ്പ് (3) ആയി ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.117/2023/ധന** **തീയതി, തിരുവനന്തപുരം, 05/12/2023**

പരാമർശം:- 1. സ.ഉ.(പി)നം.230/2010/ധന തീയതി 09/04/2010.

2. ട്രഷറി ഡയറക്ടറുടെ 04/10/2023-ലെ TRY/4992/2022-P6(1) നമ്പർ കത്ത്.

**ഉത്തരവ്**

മണി ഓർഡർ പെൻഷൻ വാങ്ങുന്നവർ ഒഴികെയുള്ള പെൻഷൻകാരുടെ പെൻഷൻ വിതരണം പരാമർശം 1 മുഖേന പെൻഷനേഴ്സ് ട്രഷറി സേവിങ്സ് ബാങ്ക് (PTSB) വഴി ആക്കി മാറ്റുകയുണ്ടായി. വാർഷിക മസ്റ്ററിങ് നടത്തുന്നവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക എല്ലാ മാസവും ആദ്യത്തെ പ്രവർത്തി ദിനത്തിൽ തന്നെ വരവ് വെയ്ക്കപ്പെടുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത്തരത്തിൽ പ്രതിമാസ പെൻഷൻ വരവ് വെയ്ക്കുകയും എന്നാൽ വർഷങ്ങളായി അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിക്കാതിരിക്കുകയും ചെയ്യുന്ന ധാരാളം അക്കൗണ്ടുകൾ നിലവിലുണ്ടെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ, PTSB അക്കൗണ്ടുകൾ പ്രവർത്തനരഹിതമായതായി പരിഗണിക്കുവാൻ (inoperative account) തുടർച്ചയായി മൂന്ന് സാമ്പത്തിക വർഷം പ്രസ്തുത PTSB അക്കൗണ്ടിൽ നിന്നും പെൻഷൻ ഇനത്തിലുള്ള തുക പിൻവലിക്കലുകൾ നടന്നിരിക്കരുത് എന്ന സാഹചര്യം പരിഗണിക്കുന്നതാവും ഉചിതമെന്ന് പരാമർശം 2 പ്രകാരം ട്രഷറി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ കാണുന്ന രീതിയിൽ കേരള ട്രഷറി കോഡ് വാല്യം II അപ്പെൻഡിക്സ് 3-ലെ ഖണ്ഡിക 40-ന് കീഴിൽ കുറിപ്പ് (3) ആയി ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്തി ചട്ടഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

“Note.--(3) Accounts opened on behalf of a pensioner for payment of monthly pension and its related benefits (PTSB) in which no withdrawal/debit transactions by the account holder have taken place for three complete financial years and more will be treated as unoperated and the amount will be transferred to Revenue Deposit. Recovery of excess credited pension, crediting of interest and TDS deduction etc. may not be treated as a withdrawal/credit/debit transaction for this purpose.”

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**പ്രീത ബി.എസ്.,**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E 2372665).

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.

ഉദ്ധരണെടുത്ത്: P/15214/2023-24 തീയതി 20.12.2023

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാരുടെയും അറിവി-ലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു

20/12/2023
ട്രഷറി ഡയറക്ടർക്കു വേണ്ടി

20/12/23